# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3814

11-11-2019 ൽ മറുപടിയ്ക്ക്

## മാവേലിക്കര അഗ്നി രക്ഷാനിലയത്തിന് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാജേഷ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) മാവേലിക്കര അഗ്നി രക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ഡിവിഷൻ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റിനൊപ്പം ലഭ്യമാക്കിയിരുന്ന പ്ലാനിൽ വകുപ്പ് തല പരിശോധനയിൽ ചില മാറ്റങ്ങൾ അനിവാര്യമായതിനാൽ പുതുക്കിയ പ്ലാൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത അഗ്നി രക്ഷാനിലയത്തിന് ആധുനിക സൗകര്യങ്ങളുള്ള കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ ; | ബി) മാവേലിക്കര അഗ്നിരക്ഷാ നിലയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് അത്യാധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാവേലിക്കര നിലയത്തിന് പ്രാധാന്യം നൽകി താഴെ പറയുന്ന ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.<br>1. ഡെലിവറി ഹോസ് - 15 നം.<br>2. ഡെലിവറി ഹോസ് (സിന്തറ്റിക്) - 8 നം.<br>3. ഡെലിവറി ഹോസ് (റബ്ബർ ലൈൻഡ്) - 15 നം.<br>4. ബി.എ.സെറ്റ് - 3 നം.<br>5. സെർച്ച് ലൈറ്റ് - 1 നം.<br>6. എൽ.ഇ.ഡി. ടോർച്ച് - 2 നം.<br>7. എമർജൻസി ലാമ്പ് - 2 നം.<br>8. ഗംബൂട്ട്സ് - 38 നം.<br>9. ഹെൽമറ്റ് വിത്ത് വൈസർ- 38 നം.<br>10. പോർട്ടബിൾ പമ്പ് - 1 നം. |

കൂടുതൽ ഫണ്ടും ഭരണാനുമതിയും ലഭ്യമാകുന്നതനുസരിച്ച് പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുമ്പോൾ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര നിലയത്തിന് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ